"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-സ്കൂൾ ഉച്ചഭക്ഷണ പദ്ധതി -- 2023-24 അദ്ധ്യയന വർഷത്തെ രണ്ടാം ഗഡു കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഭാഗവും ആനുപാതികമായുള്ള സംസ്ഥാന വിഹിതവും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു കൊണ്ടും തുക റിലീസ് ചെയ്ത്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.266/2024/GEDN തീയതി,തിരുവനന്തപുരം, 09-01-2024

പരാമർശം:-
1. സ.ഉ (സാധാ)നം.5080/2023/GEDN തീയതി.13.09.2023
2. Ministry of Education, Department of School Education &Literacy-യിൽ നിന്നുള്ള 28.12.2023 തീയതിയിലെ F.No.5-4/2023 -PM POSHAN-2-1 നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29.12.2023-ലെ എൻ.എം.എ(3)/7802/2023/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി 2023-24 അദ്ധ്യയന വർഷം PAB അംഗീകരിച്ച കേന്ദ്രവിഹിതത്തിന്റെ രണ്ടാം ഗഡുവിന്റെ ആദ്യ ഭാഗമായി 70.3389 കോടി രൂപ, പരാമർശം (2)-ലെ ഉത്തരവ് പ്രകാരം കേന്ദ്രസർക്കാർ റിലീസ് ചെയ്യുകയുണ്ടായി.

2)രണ്ടാം ഗഡുവിന്റെ ആദ്യ ഭാഗമായി കേന്ദ്രസർക്കാർ നിലവിൽ അനുവദിച്ചിരിക്കുന്ന തുകയുടെ ആനുപാതിക സംസ്ഥാന വിഹിതം 40.7687 കോടി രൂപയാണ് എന്ന് പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ, പരാമർശം (1) -ലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ നടപ്പ് സാമ്പത്തിക വർഷം "2202-01-112-90-02-PV - സംസ്ഥാന വിഹിതം" എന്ന കണക്ക് ശീർഷകത്തിൽ നിന്നും 81.57735 കോടി രൂപ മുൻകൂറായി റിലീസ് ചെയ്തിരുന്നു. ആദ്യ ഗഡു കേന്ദ്ര വിഹിതമായി ലഭ്യമായ 108.3354 കോടി രൂപക്ക് (54.1677 കോടി രൂപ വിതം 2 തവണ) ആനുപാതികമായ മാൻഡേറ്ററി സംസ്ഥാന വിഹിതം 61.9838 കോടി രൂപയായിരുന്നു (30.9919 കോടി രൂപ വീതം രണ്ട് തവണ). സംസ്ഥാന വിഹിതത്തിൽ നിന്നും 19.59355 കോടി രൂപ അധികമായി റിലീസ് ചെയ്തിരുന്നതിനാൽ നിലവിൽ ലഭ്യമായ രണ്ടാം ഗഡു കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന മാൻഡേറ്ററി വിഹിതത്തിൽ നിന്നും റിലീസ് ചെയ്യേണ്ട 40.7687 കോടി രൂപയിൽ നിന്നും ഈ തുക കുറച്ച് ബാക്കി തുകയായ 21.17515 കോടി രൂപ നിലവിൽ SNA- യിലേക്ക് റിലീസ് ചെയ്താൽ മതിയാകുന്നതാണ് എന്ന് ഡയറക്ടർ അറിയിക്കുകയുണ്ടായി.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്രവിഹിതത്തിന്റെ രണ്ടാം ഗഡുവിന്റെ ആദ്യ ഭാഗമായി കേന്ദ്രസർക്കാർ റിലീസ് ചെയ്ത 70.3389 കോടി രൂപയ്ക്ക് ആനുപാതിക സംസ്ഥാന വിഹിതം 40.7687 കോടി രൂപയാണ് എന്നിരുന്നാലും സംസ്ഥാന വിഹിതത്തിൽ

നിന്നും 81.57735 കോടി രൂപ മുൻകൂറായി റിലീസ് ചെയ്തിട്ടുള്ളതിനാൽ നിലവിൽ കേന്ദ്രസർക്കാർ റിലീസ് ചെയ്ത തുകയുടെ ആനുപാതിക സംസ്ഥാന വിഹിതം 21.17515 കോടി രൂപയാണ്(40.7687 കോടി രൂപയിൽ നിന്നും മുൻകൂറായി റിലീസ് ചെയ്ത 19.59355 കോടി രൂപ കുറവ് ചെയ്തതിനു ശേഷമുള്ള തുക).ഈ സാഹചര്യത്തിൽ, 2023-24 അദ്ധ്യയന വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായുള്ള കേന്ദ്രവിഹിതത്തിന്റെ രണ്ടാം ഗഡുവിന്റെ ആദ്യ ഭാഗമായ 70,33,89,000/- രൂപ (എഴുപത് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തിയൊൻപതിനായിരം രൂപ മാത്രം) "2202-01-112-90-01-കേന്ദ്ര വിഹിതം" എന്ന കണക്ക് ശീർഷകത്തിൽ നിന്നും, ആയതിന് ആനുപാതികമായി സംസ്ഥാന മാൻഡേറ്ററി വിഹിതത്തിൽ നിന്നും റിലീസ് ചെയ്യേണ്ട 21,17,51,500/- രൂപ (ഇരുപത്തിയൊന്ന് കോടി പതിനേഴ് ലക്ഷത്തി അൻപത്തിയൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) "2202-01-112-90-02-PV സംസ്ഥാന വിഹിതം" എന്ന കണക്ക് ശീർഷകത്തിൽ നിന്നും ഉൾപ്പെടെ ആകെ 91,51,40,500 /-രൂപ ( തൊണ്ണൂറ്റിയൊന്നു കോടി അൻപത്തിയൊന്നു ലക്ഷത്തി നാല്പത്തിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് (SNA-110010886976, Canara Bank, Vazhuthacaud Branch, Thiruvananathapuram Circle IFSC:-CNRB0002607) ട്രാൻസ്ഫർ ചെയ്ത് കൊണ്ടും പ്രസ്തുത തുക റിലീസ് ചെയ്തു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് )കേരളം ,തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (എ &ഇ )കേരളം ,തിരുവനന്തപുരം .
ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ് (U.O(R) EDN-A2/173/2023-FIN -Part (1) dated.08.01.2024)
വിവര പൊതു ജന സമ്പർക്ക(വെബ് &ന്യൂ മീഡിയ )വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ,KITE ,തിരുവനന്തപുരം (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
V Sajitha
Date: 09-01-2024 16:26:38

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്.